**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഭൂരഹിത പട്ടികവർഗക്കാരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ ആരംഭിക്കുന്നതിനുമുമ്പ് നിർമ്മാണം തുടങ്ങിയ പട്ടികവർഗ വിഭാഗക്കാരുടെ വീടുകളുടെ പൂർത്തീകരണവും ജീർണാവസ്ഥയിലുള്ള വീടുകളുടെ പുനരുദ്ധാരണവും ലക്ഷ്യമാക്കി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>2006 ഏപ്രിൽ 1-ന് ശേഷം ആരംഭിച്ച് പൂർത്തിയാക്കാത്ത പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനപൂർത്തീകരണവും, പുനരുദ്ധാരണവും ലക്ഷ്യമിട്ടു കൊണ്ട് 2.50ലക്ഷം രൂപ നിരക്കിൽ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതിന് SAFE (Secure Accommodation and Facility Enhancement) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എന്തെല്ലാം സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | 2022-23 സാമ്പത്തികവർഷം 1500 വീടുകൾ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ആയതിൽ 764 വീടുകൾ പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 3072 വീടുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതിൽ 523 വീടുകൾ പദ്ധതി പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 2024-25 സാമ്പത്തിക വർഷം ആദ്യ ഘട്ടത്തിൽ 3576 വീടുകളെയും അധികമായി 250 വീടുകളെയും സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ ഭൂരഹിതരായ പട്ടികവർഗക്കാരുടെ പുനരധിവാസം പദ്ധതിയനുസരിച്ച് ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നുണ്ട്. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 260 പേർക്ക് 50.83 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 718 പേർക്ക് 243.80 ഏക്കർ ഭൂമിയും, വനാവകാശ നിയമ പ്രകാരം 2843 പേർക്ക് 3945.86 ഏക്കർ ഭൂമിയും, റവന്യൂ/ഫാം/പ്രോജക്ട് ഭൂമി വിതരണ പദ്ധതി പ്രകാരം 27 പേർക്ക് 20.98 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 3848 പേർക്ക് 4261.47 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br><br>ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങിയ 52.34 ഏക്കർ ഭൂമി കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടിയും പദ്ധതി പ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച 6.99 ഏക്കർ ഭൂമി കൂടി വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.<br><br>ലാന്റ് ബാങ്ക് പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 27.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>ടി പദ്ധതികൾ പ്രകാരം വിവിധ ജില്ലകളിൽ അനുവദിച്ച ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധം 1- ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

## പട്ടികവർഗ്ഗക്കാർക്ക് വിവിധ പദ്ധതികൾ പ്രകാരം വാങ്ങി നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ

- തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിയ്ക്കായി രണ്ട് പതിറ്റാണ്ടായി നടത്തി വന്നിരുന്ന സമരം അവസാനിപ്പിക്കുകയും വനാവകാശ നിയമ പ്രകാരം 33 കുടുംബങ്ങൾക്ക് 20 സെന്റ് മുതൽ 50 സെന്റ് വരെയുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തു. ഇത്തരത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ല മാറി.
- കൊല്ലം ജില്ലയിലെ അച്ചൻകോവിലിൽ വർഷങ്ങളായി ഷെഡിൽ താമസിച്ചു വന്നിരുന്ന 12 മലമ്പണ്ടാര കുടുംബങ്ങൾക്ക് 12.5 സെന്റ് വീതം ഭൂമി ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങി നൽകി.
- പത്തനംതിട്ട ജില്ലയിലെ നൊമാഡിക് വിഭാഗക്കാരായ 20 മലമ്പണ്ടാര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ നൽകി. ഈ വിഭാഗത്തിലെ 23 കുടുംബങ്ങൾക്ക് കൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.
- തൃശ്ശൂർ ജില്ലയിൽ ചിമ്മിനി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കള്ളിചിത്രമലയിൽ നിന്നും കുടിയിറക്കപ്പെട്ട കള്ളിചിത്ര നടാംപാടം കോളനിയിലെ 17 കുടുംബങ്ങൾക്ക് ചാലക്കുടി താലൂക്കിൽ മുപ്ലിയം വില്ലേജിൽ 7.50 ഏക്കർ ഭൂമി വിതരണം ചെയ്തു.
- മുത്തങ്ങ സമരത്തിൽ പങ്കെടുത്തതും ഭൂമി അനുവദിക്കേണ്ടതുമായ 37 കുടുംബങ്ങൾക്കു കൂടി ഒരേക്കർ വീതം ഭൂമി അനുവദിച്ചു.
- മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്രാനുമതി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ 570 പേർക്ക് 176.10 ഏക്കർ വിതരണം ചെയ്യുകയും 37 ഹെക്ടർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ് .